കേരള സർക്കാർ

-

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail:dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി.8/609/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്
തീയതി -20/05/2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം :-** മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ് :**

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. അസി. ഡെവലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്
4. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.8/609/2020 തീയതി –20/05/2020

## പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 5.5.2019 മുതൽ 19.02.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുനിൽദത്ത്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.02.2020മുതൽ 02.03.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.റോബർട്ട്.കെജി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.യു,ബിജുആന്റണി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെസി.ഹരിഗോബിന്ദ് | അസി.ഓഡിറ്റ് ഓഫീസർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | 1 | ശ്രീ.യൂസഫ് പാലക്കൽ | 1.4.2018മുതൽ 9-5-2018വരെ |
| | 2 | ശ്രീ.ഒ.പി.ഷെറിഫ് | 6.6.2018മുതൽ 31-3-2019വരെ |
| സെക്രട്ടറി | 1 | ശ്രീ.എസ്.പ്രസാദ് | 1.04.2018മുതൽ 5.10.2018വരെ |
| | 2 | ശ്രീ.ജഗദീഷ്.വി<br>(ജെ.ബി.ഡി.ഒ) | 6.10.2018മുതൽ 31-1-2019വരെ |
| | | | |

| | | | |
|---|---|---|---|
| | 3 | രതീഷ്.ആർ.ദാസ് | 1.02.2019മുതൽ 31-3-2019വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| അസി.എക്സിക്കുട്ടീവ് എഞ്ചിനിയർ | | ശ്രീ.സി.അനിലകുമാരൻ | 1.4.2018 മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 1 | ഡോ. അബ്ബാസ് | 1.4.2017 മുതൽ 14.3.2019വരെ |
| | 2 | ഡോ.റാബിയ | 15.3.2019മുതൽ 31-3-2018വരെ |
| കൃഷി അസി.ഡയറക്ടർ | 1 | ശ്രീമതി.ശാന്തിനി.എസ് | 1.4.2018 മുതൽ 25.4.2018വരെ |
| | 2 | ശ്രീ.അജിത്കുമാർ.സി.എസ് | 25.4.2018 മുതൽ 31.7.2018വരെ |
| | 3 | ശ്രീമതി.ശാന്തിനി.എസ് | 31.7.2018 മുതൽ 3.8.2018വരെ |
| | 4 | ശ്രീ.ബൈജു.ആർ | 3.8.2018 മുതൽ 3.8.2018വരെ |
| | 5 | ശ്രീമതി.ശാന്തിനി.എസ് | 3.8.2018 മുതൽ 24.10.18വരെ |
| | 6 | ശ്രീ.വിജയചന്ദ്രൻ.വി | 24.10.18 മുതൽ 31.3.2019വരെ |
| സി.ഡി.പി.ഒ. | | ശ്രീമതി.ജിജി ജോൺ | 1.4.2018 മുതൽ 31.3.2019വരെ |
| സീനിയർ വെറ്ററിനറി സർജൻ | | ഡോ. ഷാജി പണിക്കശ്ശേരി | 1.4.2018 മുതൽ 31.3.2019വരെ |
| എസ്.സി.ഡി.ഒ. | | കെ.വിജയൻ | 1.4.2018 മുതൽ 31.3.2019വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീമതി.പ്രിയ.പി.ബി | 1.4.2018 മുതൽ 31.3.2019വരെ |

ഭാഗം1


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1- |

| | | |
|---|---|---|
| | | 4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക ക്രെഡിറ്റ് ചെയ്യാതെ പാഴാക്കി | 1-9 |
| 10 | വാർഷിക ധനകാര്യ പത്രിക പരിശോധനയുടെ അടിസ്ഥാനത്തിൽ ചൂണ്ടികാണിച്ച ന്യൂനതകൾ പരിഹരിച്ചിട്ടില്ല. | 1-10 |
| 11 | ബഡ്ജറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല. | 1-11 |
| 12 | ബ്ലോക്ക് പഞ്ചായത്തിലെ വാടക മുറികളുടെ സ്ഥിതി വിവര കണക്കുകൾ. | 1-12 |
| 13 | പ്രീമെട്രിക്ക് ഹോസ്റ്റൽ വാടക നിർണ്ണയിച്ച രേഖകൾ എഗ്രിമെന്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-13 |
| 14 | പ്രൊജക്റ്റുമായി ബന്ധപ്പെട്ട ആധികാരിക രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. | 1-14 |
| 15 | ക്ഷീര കർഷകർക്ക് പാൽ ഇൻസ്റ്റീവിനായി നൽകിയ വിഹിതങ്ങൾക്കുള്ള ധന വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്. | 1-15 |
| 16 | സാന്ത്വന ചികിത്സാ പദ്ധതി - അവലോകനം | 1-16 |
| 17 | നിയമാനുസൃതമായ കാലപരിധിക്കുള്ളിൽ എഗ്രിമെന്റ് ചമച്ചിട്ടില്ല. | 1-17 |
| 18 | എസ്റ്റിമേറ്റിൽ കാണാച്ചെലവുകൾക്കായി ഭീമമായ തുക വകയിരുത്തിയിരിക്കുന്നു. | 1-18 |
| 19 | ഫൈനൽബില്ലിൽ നിന്നും ടെണ്ടർ കുറവ് പരിഗണിച്ചിട്ടില്ല. അധികം നൽകിയ തുക തിരിച്ചടയ്ക്കേണ്ടതാണ്. | 1-19 |
| 20 | റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ട എക്സ്ട്രാ ഇനങ്ങൾ മാത്രം നിർവ്വഹണം നടത്തി ഫൈനൽ ബിൽ നൽകിയിരിക്കുന്നു. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-20 |
| 21 | സ്ഥലം വാങ്ങൽ തുക ചെലവഴിച്ചിട്ടില്ല.പുരോഗതി റിപ്പോർട്ടില്ല. | 1-21 |

ഭാഗം2

**ഒന്നുമില്ല**

ഭാഗം3

**ഒന്നുമില്ല**

ഭാഗം4

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

29.03.2018 തീയതിയിലെ 1 (1)തീരുമാനപ്രകാരം അംഗീകരിച്ചു. അപാകതകൾ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 31-7-2019 | 27-05-2019 | -- | -- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 44623793.87 |
| വരവ് | 58473876 |
| ആകെ | 103097669.87 |
| ചെലവ് | 62382101 |
| നീക്കിയിരിപ്പ് | 40715568.87 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | -0- | 68066000 | 68066000 | 66449608 | 1616392 |
| വികസന ഫണ്ട്- എസ്.സി.പി | -0- | 21641000 | 21641000 | 19591417 | 2049583 |
| വികസന ഫണ്ട്- ടി.എസ്.പി | -0- | 2054000 | 2054000 | 1905761 | 148239 |
| മെയിന്റനൻസ്, നോൺ-റോഡ് | -0- | 7677000 | 7677000 | 7582197 | 94803 |
| സാക്ഷരത | 121284 | -0- | 121284 | -0- | 121284 |
| എസ്.ജി.എസ്.വൈ | 70359 | -0- | 70359 | -0- | 70359 |
| ഐ..ഡബ്ളിയു.എം.പി | 44955 | -0- | 44955 | -0- | 44955 |
| എസ്.ഡി.എഫ്.എം.എൽ.എ | 1005722.87 | -0- | 1005722.87 | 568803 | 438419.87 |
| ARWSS | 1792 | -0- | 1792 | -0- | 1792 |
| ബി.ആർ.ജി.എഫ് | 1377895.5 | -0- | 1377895.5 | -0- | 1377895.5 |
| ഐ.എ.വൈ (ജനറൽ) (സെൻട്രൽ) | -0- | 1132500 | 1132500 | -0- | 1132500 |
| ഐ.എ.വൈ (SCP) (സെൻട്രൽ) | -0- | 16000000 | 16000000 | -0- | 16000000 |
| ഐ.എ.വൈ | 22942267 | 3215800 | 26158067 | -0- | 26158067 |

| | | | | | |
|---|---|---|---|---|---|
| ഐ എ വൈ പ്ലാൻ/ പി എം എ വൈ (സംയുക്ത അക്കൗണ്ട്) | 15659299 | 7988750 | 23648049 | -0- | 23648049 |
| ജനറൽ പർപ്പസ് ഗ്രാന്റ്-ട്രഷറി അക്കൗണ്ട് | -0- | 1671665 | 1671665 | -0- | 1671665 |

1, ജനറൽ പർപ്പസ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 3343330 രൂപയാണെങ്കിലും 1671665 രൂപ മാത്രമാണ് എ എഫ് എസിൽ വരവിൽ എടുത്തിട്ടുള്ളത്.
2,എസ്.ജി.എസ്.വൈ, ഐ..ഡബ്ളിയു.എം.പി, ARWSS,ബി.ആർ.ജി.എഫ് എന്നിവയുടെ മുന്നിരിപ്പുകകൾ മുൻ റിപ്പോർട്ടുകളിൽ നിന്നും വ്യത്യസ്ഥമാണ്.

# 1-5 പദ്ധതി അവലോകനം

**1.ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 132410974 | 148 | 96446464 | 26 | 21 | 75.5% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ
1,പ്രോജക്റ്റ്നം. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കെട്ടിടസാമഗ്രികൾ ഉണ്ടാക്കുന്ന യൂണിറ്റ് (235/19)

**നിർവ്വഹണഉദ്യോഗസ്ഥരുടെ ചെലവുവിവരം**

| | | | | | |
|---|---|---|---|---|---|
| സി.ഡി.പി.ഒ. | 2 | 2 | 3512390 | 3512390 | 100% |
| സെക്രട്ടറി | 27 | 24 | 30682290 | 28045621 | 91.41% |
| മെഡിക്കൽ ഓഫീസർ | 1 | 1 | 707390 | 597768 | 84.5% |
| **എസ്.സി.ഡി.ഒ.** | 3 | 3 | 8590000 | 6435000 | 74.91% |
| കൃഷി അസി.ഡയറക്ടർ | 1 | 1 | 1643334 | 1643334 | 100% |
| സീനിയർ വെറ്ററിനറി സർജൻ | 5 | 4 | 2091600 | 2017000 | 96.43% |
| അസി.എക്സിക്കുട്ടീവ് എഞ്ചിനിയർ | 157 | 113 | 85184510 | 54195351 | 63.62 |

**ഫണ്ടിനം തിരിച്ചുള്ള പദ്ധതി ചെലവ്**

| ഫണ്ടിനം | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| വികസനഫണ്ട് | 36664340 | 87946786 |
| കേന്ദ്രാവിഷ്കൃതം | 1581686 | -0- |
| തനത് ഫണ്ട് | 1358982 | 917481 |
| മെയ്ൻറനൻസ് | 1298442 | 7582197 |
| മറ്റിനം | 1569100 | -0- |
| | | |

| | | |
|---|---|---|
| ആകെ | 132411514 | 96446464 |

# 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3-2-2020ന് സ്ഥാപന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ തുക ഒന്നുമില്ലെന്ന് ബോധ്യപ്പെട്ടു.

# 1-7 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമല്ല. രജിസ്റ്ററുകളുടെ പരിശോധനയിൽ എല്ലാ രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നില്ലെന്ന് കണ്ടു. (ഉദാഹരണമായി ആസ്തി രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ,) ബിൽ രജിസ്റ്റർ ഒരേ സമയത്ത് രണ്ടെണ്ണം എഴുതിസൂക്ഷിക്കുന്നതായി കാണുവാൻ കഴിഞ്ഞു. അക്കൌണ്ടന്റ് യഥാസമയം ഹാജരാകാതിരുന്ന സാഹചര്യത്തിൽ ഹെഡ് ക്ളാർക്ക് ലീവിൽ പ്രവേശിക്കുകയാണുണ്ടായത്. ഇത്തരം സാഹചര്യം രേഖകൾ ലഭ്യമാകുന്നതിനും മറുപടി വിശദീകരണങ്ങൾ ലഭ്യമാകുന്നതിനും കാലതാമസം നേരിട്ടു. തനത് ഫണ്ട് വൗച്ചറുകൾ ഐ.എസ്.ഒ ലഭ്യമാകുന്നതിലേക്ക് ബോക്സുകളിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിവിധ മാസങ്ങളിലെതായി ഇടകലർത്തിയാണ് സൂക്ഷിച്ചിരിക്കുന്നത്. ഫ്രണ്ട് ഓഫീസ് സംവിധാനം ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. വിവിധ അക്കൗണ്ടുകൾ ബാങ്ക്, ട്രഷറി എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഭരണവകുപ്പിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.1.2019 മുതൽ 28.1.2019 | 2017-18 | 14.2.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.1.2017 മുതൽ 7.1.2017 | 1/2015 to 12/2016 | 29.3.2017 |

# 1-9 ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക ക്രെഡിറ്റു ചെയ്യാതെ പാഴാക്കി

2018-19 സാമ്പത്തിക വർഷത്തിൽ ലഭ്യമായ 11-ാം ഗഡു തുക 334333/- രൂപയും അവശേഷിക്കുന്ന 320357/-രൂപയും അടക്കം ആകെ അലോട്ട്മെന്റ് ലഭ്യമായ 3998020/- രൂപയിൽ 654690/-രൂപ ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാതിരുന്നതിനാൽ ടി തുക നഷ്ടപ്പെടുകയുണ്ടായി. ആയതിന്മേൽ 3-3-2020 ന് 11-ാം നമ്പരായി ആവശ്യപ്പെട്ട ഓഡിറ്റ് വിശദീകരണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുന്നതോടൊപ്പം വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ുക തിരികെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-10 വാർഷിക ധനകാര്യ പത്രിക പരിശോധനയുടെ അടിസ്ഥാനത്തിൽ ചൂണ്ടികാണിച്ച ന്യൂനതകൾ പരിഹരിച്ചിട്ടില്ല.

26.08.2019 ലെ കെ.എസ്.എ.പികെഡി-21/997/2019(7) പ്രകാരം 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ തെളിഞ്ഞ ന്യൂനതകളുടെ സംഗ്രഹത്തിൽ ചൂണ്ടി കാണിച്ച 10 അപാകങ്ങളും, നിലവിൽ പരിഹരിച്ചിട്ടില്ല.(28.02.2020 ലെ അന്വേഷണ നം.7).

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

കേരള പഞ്ചായത്ത് രാജ് നിയമവും, ചട്ടങ്ങളും പ്രകാരം വകുപ്പ് 215 ന് കീഴിലുള്ള താഴെ പറയുന്ന ഉപ വകുപ്പുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്:

<u>ഉപ വകുപ്പ് (1)</u> : പഞ്ചായത്ത്, അക്കൌണ്ട് പുസ്തകങ്ങളും അതിന്റെ അക്കൌണ്ടിനെ സംബന്ധിച്ച മറ്റ് പുസ്തകങ്ങളും പരിപാലിക്കുകയും, അപ്രകാരമുള്ള ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

<u>ഉപ വകുപ്പ് (2)</u> : പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ നിർദ്ധിഷ്ട ഫാറത്തിൽ ഓരോ സാമ്പത്തിക വർഷത്തേക്കും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

<u>ഉപ വകുപ്പ്(3)</u> : ലോക്കൽ ഫണ്ട് അക്കൌണ്ടുകളുടെ എക്സാമിനറും, അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്നവരും, പഞ്ചായത്തിന്റെ ഓഡിറ്റർമാർ ആയിരിക്കുന്നതാണ്.

<u>ഉപവകുപ്പ് (7)</u> : ഓഡിറ്റർമാർ ചൂണ്ടി കാണിച്ച ഏതെങ്കിലും ക്രമക്കേടൊ, പോരായ്മയോ പഞ്ചായത്ത് ഉടൻ തന്നെ പരിഹരിച്ച് സർക്കാർ അധികാരപ്പെടുത്തിയ ഓഡിറ്റർക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എല്ലാ സാമ്പത്തിക വർഷങ്ങളിലും AFS തയ്യാറാക്കുമ്പോൾ മേൽ സൂചിത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതോടൊപ്പം 2018-19 ലെ AFS ന്റെ പരിശോധനയൽ തെളിഞ്ഞ ന്യൂനതാ സംഗ്രഹത്തിൽ ചൂണ്ടികാണിച്ച 10 അപാകങ്ങളും (ഓഡിറ്റ് റിപ്പോർട്ടിലെ അനുബന്ധം കാണുക) സമയബന്ധിതമായി പരിഹരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-11 ബഡ്ജറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214 -ാം വകുപ്പ് പ്രകാരവും സർക്കാർ കാലാകാലങ്ങളിലായി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി 175 -ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ 2018-19 സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത

വരവ്/ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ താഴെ പറയുന്ന പ്രകാരം തയ്യാറാക്കേണ്ടതാണ് :

I)കരട് ബഡ്ജറ്റ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറി, അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് സമർപ്പിച്ച് അവരുടെ എസ്റ്റിമേറ്റുകളും, നിർദ്ദേശങ്ങളും പരിഗണിച്ച് ക്രമ നം.1,2 എന്നിവയിൽ കൊടുത്തിരിക്കുന്ന ഉപവകുപ്പ് 1, ഉപവകുപ്പ് 1(എ)(1) എന്നിവയിൽ നിഷ്കർഷിക്കുന്ന കാലയളവിനുള്ളിൽ അംഗീകാരം ലഭ്യമാക്കിയിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്.വിശദവിവരങ്ങൾ :

ബഡ്ജറ്റ് നിർദ്ദേശങ്ങൾ 16.01.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സാന്നിദ്ധ്യത്തിൽ അവതരിപ്പിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അംഗീകാരം ലഭ്യമാക്കിയതിന് ശേഷം, ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണസമിതിയുടെ 26.03.2018 ലെ തീരുമാന പ്രകാരവും താഴെ പറയുന്ന പ്രകാരം പ്രതീക്ഷിത വരവുകളും, ചെലവുകൾക്കും അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്:(ഉപവകുപ്പ് 1(എ)(5).

| | |
|---|---|
| വരവ് | 35,61,98,000/- |
| ചെലവ് | 35,50,62,390/- |
| നീക്കിയിരിപ്പ് | 11,35,610/- |

02.03.2020-ലെ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണം പ്രകാരം ഇത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
II)കരട് ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ നിഷ്കർഷിക്കേണ്ട ഉപവകുപ്പ് 1(എ)(3) പ്രകാരം ക്രമ നം.3 ലെ നടപടിക്രമം പൂർണ്ണമായി പാലിച്ചിട്ടില്ല.ഉദാഹരണത്തിന് :

a)പഞ്ചായത്തിന്റെ അധീനതയിലുള്ള വാടകയ്ക്ക് നൽകിയ റൂമുകളുടെ 2018-19 ലെ ഈടാക്കപ്പെടേണ്ട വാടക 2017-18 ൽ ഈടാക്കിയ യതാർത്ഥ വാടകയിൽ നിന്നും പ്രത്യക്ഷ വ്യതിയാനങ്ങളോടൊപ്പം കുറിപ്പുകൾ സഹിതം ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തി കാണുന്നില്ല.

III)ഉപവകുപ്പ്1(എ)(5) പ്രകാരം ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത യാതൊരു തുകയും ചെലവഴിക്കുവാൻ പാടില്ലായെന്ന നിബന്ധന പൂർണ്ണമായി പാലിച്ച് കാണുന്നില്ല.ഉദാഹരണത്തിന് :

a)2018-19 സാമ്പത്തിക വർഷത്തിലെ പ്രീമെട്രിക്ക് ഹോസ്റ്റലിന് നൽകേണ്ട വാടകയായ 3,36,000/- രൂപ സംബന്ധിച്ച വിവരങ്ങൾ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കാണുന്നില്ല.

IV)ബഡ്ജറ്റിൽ മാറ്റം വരുത്തുവാനായി സ്റ്റാന്റിംഗ് കമ്മിറ്റി റിവൈസഡ് ബഡജറ്റ് തയ്യാറാക്കി പഞ്ചായത്തിന് മുമ്പാകെ സമർപ്പിക്കണം എന്ന ഉപവകുപ്പ് 1(എ)(5) പ്രകാരം ക്രമ നം.5 ൽ കൊടുത്തിരിക്കുന്ന നിബന്ധനയും പാലിച്ചിട്ടില്ല.

ഭാവിയിൽ സമർപ്പിക്കപ്പെട്ട ബഡ്ജറ്റ് പ്രൊപ്പോസലുകൾ അംഗീകരിക്കുമ്പോൾ ക്രമ നം.1 മുതൽ 5വരെ കൊടുത്തിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 1-12 ബ്ലോക്ക് പഞ്ചായത്തിലെ വാടക മുറികളുടെ സ്ഥിതി വിവര കണക്കുകൾ.

2018-19 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള റൂമുകൾ വാടകക്ക് നൽകിയിരിക്കുന്നതിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു :

| കെട്ടിടത്തിന്റെ പേര് | ആകെ മുറികൾ | വാടകയ്ക്ക് നൽകിയത് | ഒഴിവുള്ളത് |
|---|---|---|---|
| നെല്ലിപ്പുഴ ബിൽഡിംഗ് | 19 | 12 | 07 |
| വട്ടമ്പലം ബിൽഡിംഗ് | 08 | 07 | 01 |
| ബ്ലോക്ക് കോമ്പൗണ്ട് | 06 | 02 | 04 |
| ആര്യമ്പാവ് | 02 | 02 | 0 |
| ആകെ | 35 | 23 | 12 |

വാടക രജിസ്റ്ററിന്റെ പരിപാലനവും, അനുബന്ധ രേഖകളും പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

1)വാടക മുറികൾക്കുള്ള നിയമാനുസൃത നടപടികൾ ഉൾക്കൊള്ളുന്ന ബൈലോ നിലവിൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) വാടകക്കാരുമായി (സമ്മതപത്രം) കരാർ പത്രം എന്നിവ ചമയ്ക്കാറുണ്ട്.

3) വാടകക്ക് നൽകിയിരിക്കുന്ന റൂമുകൾക്കുള്ള റെന്റ് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന നിർണ്ണയിക്കാതെ, ഭരണ സമിതി മുഖേനയാണ് നിശ്ച്ചയിക്കപ്പെട്ട് വരുന്നത്.

4)എല്ലാ വർഷവും 5% വാടക കൂടതലായി കണക്കാക്കി പുതുക്കി നിശ്ചയിക്കപ്പെടുന്നുണ്ട്.

5)2018-19 ൽ ഈടാക്കപ്പെടേണ്ട വാടക പൂർണ്ണമായി ഈടാക്കപ്പെട്ടിട്ടുണ്ട്.

4)2018-19 ലെ വാർഷിക കണക്ക് പ്രകാരം പൂർണ്ണമായി വാടക ഈടാക്കപ്പെട്ടിട്ടുണ്ടെങ്കിലും, വാടക രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഓഡിറ്റിന് വിലയിരുത്താൻ സാധിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടക റൂമുകളിലൂടെ ഈടാക്കപ്പെടുന്ന വാടകയും, പരിപാലിക്കപ്പെടേണ്ട വാടക രജിസ്റ്ററും സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടതാണ്:

1)ബൈലോയുടെ അഭാവത്തിൽ വ്യവഹാര നടപടികൾ സ്വീകരിക്കേണ്ട സാഹചര്യം സൃഷ്ടിക്കപ്പെടുമ്പോൾ ആയതിന് സാധുത ഉണ്ടാവില്ലെന്ന കാരണത്താൽ വാടകക്ക് മുറികൾ കൊടുക്കുമ്പോൾ ആയതിന് ബാധകമാകുന്ന എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഉൾക്കൊള്ളിച്ച് കൊണ്ട് ബൈലോ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2)നിർദ്ദിഷ്ട മുദ്രപത്രത്തിലെ കരാറിന്റെ അഭാവത്തിൽ വാടകക്ക് മുറി എടുത്ത വ്യക്തി വാടക അനുവദനീയമായ കാലയളവിനുള്ളിൽ അടവാക്കിയില്ലെങ്കിൽ, പ്രസ്തുത വ്യക്തിയുമായി

നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ സാധ്യത ഉണ്ടാവില്ല എന്നതിനാൽ ഉടമ്പടി കൃത്യമായി സൂക്ഷിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

3)ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബ്ലോക്കിനു കീഴിലുള്ള മുറികളുടെ വാടക നിശ്ച്ചയിച്ച് വരുന്നതിന് പകരം, അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ വാല്യൂവേഷൻ നടത്താൻ നടപടികൾ സ്വീകരിക്കേണ്ടതും ആയതനുസരിച്ച് വാടക പുതുക്കി നിശ്ചയിക്കേണ്ടതുമാണ്.

4) ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകക്ക് നൽകിയിരിക്കുന്ന വ്യക്തികളുടെ പേരും വിലാസവും റൂം നമ്പറും രജിസ്റ്ററിൽ എഴുതേണ്ടതും ഓരോ വർഷവും ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ എത്രയെന്ന് സംക്ഷിപ്തമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകളോടെ സൂക്ഷിക്കേണ്ടതാണ്.എങ്കിൽ മാത്രമെ വാർഷിക ധന കാര്യ പത്രികയിലെ കണക്കുകളുടെ കൃത്യത ഉറപ്പ് വരുത്തുവാൻ സാധ്യമാവുകയുള്ളൂ.

മേൽ നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പാക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-13 പ്രീമെട്രിക്ക് ഹോസ്റ്റൽ വാടക നിർണ്ണയിച്ച രേഖകൾ എഗ്രിമെന്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതും ബ്ളോക്ക് പഞ്ചായത്തിന്റെ ഘടകസ്ഥാപനവുമായ പ്രീമെടിക്ക് ഹോസ്റ്റൽ 2018 ഒക്ടോബർ മാസം വരെ 6500/- രൂപ പ്രതിമാസ വാടകയ്ക്ക് പ്രവർത്തിച്ച് വരികയായിരുന്നു. എന്നാൽ 11/2018 മുതൽക്ക് അവിടെത്തന്നെയുള്ള ഒരു പുതിയ കെട്ടിടത്തിലേക്ക് ഹോസ്റ്റൽ മാറ്റുകയുണ്ടായതിനെത്തുടർന്ന് ശ്രീ.അരവിന്ദാക്ഷൻ എന്ന കെട്ടിടയുടമ 28000/- രൂപ വാടക ആവശ്യപ്പെടുകയും ചെയ്ത് കത്ത് സമർപ്പിച്ചിട്ടുണ്ട്. ശ്രീ.അരവിന്ദാക്ഷനുമായി ഏർപ്പെട്ട വാടക കരാർ, ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കൽ നിന്നുള്ള വാടക നിർണ്ണയ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ വാടകകെട്ടിടങ്ങൾ ലഭ്യമാകുവാൻ പ്രയാസമാണെന്ന് പ്രസിഡന്റ് മറുപടി നൽകി. ടി വിഷയത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തോടെ വാടക പുനർ നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-14 പ്രൊജക്റ്റുമായി ബന്ധപ്പെട്ട ആധികാരിക രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട് :

I)പ്രൊജക്റ്റ് നം.S0008/19 പ്രകാരം മണ്ണാർക്കാട് വെറ്ററനറി പോളി ക്ലിനിക്കിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി റോഡിതര മെയിന്റനൻസിൽ നിന്നും 1,00,000/- രൂപ അടങ്കലായി

വകയിരുത്തിയതിന്റെ ചെലവ് വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| ബിൽ നം./തീയതി | ചെലവ് |
|---|---|
| Lsgd 01/2019/5/02/19 | 1,00,000 |

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ (24.02.2020ലെ.അന്വേഷണ നം.3)</u>

1)വെറ്ററനറി പോളി ക്ലിനിക്കിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് മുമ്പ് പാലക്കാട് ഡിസ്ട്രിക്റ്റ് മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ച് കാണുന്നില്ല.പ്രസ്തുത സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)മരുന്നുകളുടെ പ്രൊഫോർമ ദർഘാസ് പരസ്യത്തിലൂടെ ആവശ്യപ്പെട്ടതിന്റെ വിശദവിവരങ്ങളോടൊപ്പം, സ്ഥാപനങ്ങളിൽ നിന്നും സമർപ്പിക്കപ്പെട്ട ടെണ്ടർ ഷെഡ്യൂകളും, ആയതിന്റെ താരതമ്യ പട്ടികയുടെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷൻ തെരഞ്ഞെടുത്തതിന്റേയും നടപടിക്രമങ്ങൾ വിലയിരുത്തുവാനായി മേൽ സൂചിത വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും, ഹാജരാക്കുകയുണ്ടായില്ല.

3)2018-19 ൽ പർച്ചേസസ് കമ്മിറ്റി മിനിട്സ് പരിപാലിക്കാത്തതിനാൽ വാങ്ങൽ നടപടിക്രമങ്ങൾ ഓഡിറ്റിന് വിലയിരുത്തുവാൻ സാധ്യമായിട്ടില്ല.(28.02.2020 ലെ അന്വേഷണ നം.7)

പരാമർശത്തിൽ പറയുന്ന ആധികാരിക രേഖകൾ/രജിസ്റ്റർ എന്നിവ ഹാജരാക്കുന്നതിന് വിധേയമായി പദ്ധതിക്കായി ചെലവഴിച്ച 1,00,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

II)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0009/19 |
| പേര് | വെറ്ററിനറി പോളി ക്ലിനിക്ക് കളർ ഡോപ്പ്ളർ വാങ്ങൽ |
| അടങ്കൽ (റോഡിതര മേയിന്റനൻസ് റോഡിതരം) | 8,70,000/- |
| ബിൽ നം./തീയതി | ചെലവ് |
| Lsgd 02/2019/19/03/19 | 8,70,000/- |

വെറ്ററിനറി പോളി ക്ലിനിക്കിലേക്ക് കളർ ഡോപ്പ്ളർ വാങ്ങുന്നതിനായി ഇ-ടെണ്ടർ മുഖേനയാണ് ടെണ്ടറുകൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ആവശ്യകത നിർണ്ണയിച്ച് ടെണ്ടറുകൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ട ദർഘാസ് പരസ്യവും, ആയതിൽ ഉൾപ്പെടുത്തിയ സ്പെസിഫിക്കേഷനുകളും ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

2)സ്പെസിഫിക്കേഷനുകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെട്ട ടെണ്ടറുകൾ മുഴുവനായി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ച് കാണുന്നില്ല.സിറിക്സ് ഹെൽത്ത് കെയറും, ഹെൽത്ത് ഹൈജീനുമാണ് ടെണ്ടറുകൾ സമർപ്പിച്ചിട്ടുള്ളത്.സമർപ്പിക്കപ്പെട്ടവയിൽ ഉൾപ്പെടുത്തിയ 2സ്ഥാപനങ്ങളിൽ സിറിക്സ് ഹെൽത്ത് കെയർ (pvt., ltd.,) എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളതെങ്കിലും, ഹെൽത്ത് ഹൈജീൻ സമർപ്പിച്ച ടെണ്ടർ ഫയലിൽ സൂക്ഷിച്ച് കാണുന്നില്ല.മത്സരാധിഷ്ഠിതം ഉറപ്പ് വരുത്തനായി താരതമ്യ പട്ടിക തയ്യാറാക്കിയത് ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടുമില്ല.പ്രസ്തുത വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കുവാൻ 24.02.2020 ലെ അന്വേഷണ നം.3 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും, സമർപ്പിക്കപ്പെടുകയുണ്ടായില്ല.

3)പർച്ചേസ് കമ്മിറ്റി മിനിട്സ്സും പരിപാലിക്കപ്പെടാത്തതിനാൽ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

മേൽ നിർദ്ദേശങ്ങളിൽ ചൂണ്ടികാണിച്ച ആധികാരിക രേഖകൾ/രജിസ്റ്റർ എന്നിവ ഓഡിറ്റിന് സമർപ്പിക്കുന്നതിന് വിധേയമായി ചെലവ് തുകയായ 8,70,000/- രൂപ തടസ്സപ്പെടുത്തുന്നു.

III)

| | |
|---|---|
| പ്രൊജക്റ്റ് നം. | S0253/19 |
| പേര് | വെറ്ററിനറി ഓഫീസിലേക്ക് U.P.S അനുബന്ധ സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ (റോഡിതര മേയിന്റനൻസ് റോഡിതരം) | 47,000/- |
| ബിൽ നം./തീയതി | ചെലവ് |
| Lsgd 03/2019/27/02/19 | 47,000/- |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)വെറ്ററിനറി ഓഫീസിലേക്ക് U.P.S. ഉൾപ്പെടെ അനുബന്ധ സാമഗ്രികൾ വാങ്ങുവാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.വാങ്ങൽ നടപടിക്രമങ്ങൾ സ്വീകരിക്കുവാനായി മത്സരാധിഷ്ഠിത സ്പെസിഫിക്കേഷൻസുകൾ സഹിതമുള്ള ദർഘാസ് പരസ്യവും, സമർപ്പിക്കപ്പെട്ട ടെണ്ടറുകൾ സഹിതം, ഇവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ താരതമ്യ പട്ടികയും ഓഡിറ്റാവശ്യങ്ങൾക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല.

2)വാങ്ങൽ നടപടിക്രമങ്ങൾ വിലയിരുത്തുവാൻ പർച്ചേസസ് കമ്മിറ്റി മിനിട്സും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

ക്രമ നം. 1 ൽ കൊടുത്തിരിക്കുന്ന രേഖകളും ക്രമ നം.2 ലെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന മിനിട്സും ഓഡിറ്റിന് ഹാജരാക്കുന്നതിന് വിധേയമായി പദ്ധതിക്കായി ചെലവഴിച്ച 47,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 1-15 ക്ഷീര കർഷകർക്ക് പാൽ ഇൻസെന്റീവ് നൽകിയ വിഹിതങ്ങൾക്കുള്ള ധന വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടിന്റെ വിശദവിവരം താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രൊജക്റ്റ് നം. | S0022/19 |
| പേര് | ക്ഷീര സംഘങ്ങളിൽ പാലുൽപ്പാദിപ്പിക്കുന്ന ക്ഷീര കർഷകർക്ക് പാൽ ഇൻസന്റീവ് (സംയുക്തം) |
| അടങ്കൽ (വികസന ഫണ്ട്) | 10,00,000/- |
| ബിൽ നം./ തീയതി | ചെലവ് |
| 2/18-19/22/10/2018 | 5,00,000/- |
| 3/18-19/16/03/2019 | 5,00,000/- |
| ആകെ | 10,00,000/- |

പ്രസ്തുത വിഹിതം മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 5 ഗ്രാമ പഞ്ചായത്തുകളിലും, നടപ്പിലാക്കുന്ന പാലിന് സബ്സിഡി എന്ന പ്രൊജക്ടിനായി ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായ 10,00,000/- രൂപ കൈമാറിയിട്ടുണ്ട്.ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് 3/- രൂപ എന്ന നിരക്കിൽ ഇൻസൻറ്റീവ് നൽകുവാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.പദ്ധതി വിഹിതം ലഭ്യമാക്കിയ പഞ്ചായത്തുകളുടെ വിശദവിവരങ്ങൾ :

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | അക്കൗണ്ട് നം. | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 01 | കരിമ്പ | 721031400000010 | 2,00,000 |
| 02 | തച്ചമ്പാറ | 721031400000011 | 1,00,000 |
| 03 | തച്ചനാട്ടുകര | 721031400000004 | 2,00,000 |
| 04 | കഞ്ഞിരപ്പുഴ | 721031400000009 | 3,00,000 |
| 05 | തെങ്കര | 799011400001673 | 2,00,000 |
| ആകെ | | | 10,00,000/- |

പട്ടികപ്പെടുത്തിയ സംക്ഷിപ്തത്തിൽ ഉൾപ്പെടുത്തിയ എല്ലാ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും നൽകിയ വിഹിതങ്ങൾക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കുവാൻ 24.02.2020ലെ അന്വേഷണ നം.2 മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.മറുപടിയിൽ പഞ്ചായത്തുകളിൽ നിന്നും പ്രസ്തുത സാക്ഷ്യപത്രങ്ങൾ ലഭ്യമാവുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 സാന്ത്വന ചികിത്സാ പദ്ധതി - അവലോകനം

പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ പാർശ്വവല്ക്കരിക്കപ്പെട്ട രോഗികളെ സാന്ത്വന ചികിത്സാ പദ്ധതിയിലൂടെ മുഖ്യധാരയിലെത്തിക്കുവാനായി 2018-19 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 7,07,390/- രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കുകയും 5,97,768/- രൂപ ചെലവഴിച്ചിട്ടുമുണ്ട്.

ഗുരുതരമായ രോഗ ബാധിതർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ സംയുക്തമായ പ്രവർത്തനങ്ങളിലൂടെ രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനാണ് സാന്ത്വന ചികത്സ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.സ.ഉ (സാധാ) നം.3217/2015 ത.സ്വ.ഭ.വ തീയതി 29.10.15 പ്രകാരം പദ്ധതി നിർവ്വഹണത്തിനായുള്ള പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

ദൈനംദിന കാര്യങ്ങൾക്ക് പരസഹായം കൂടാതെ ജീവിതം നയിക്കേണ്ടി വരുന്നവർ, ദീർഘകാല ചികിത്സ ആവശ്യമായ ശാരീരികവും, മാനസികവുമായ രോഗ ബാധിതർ, എന്നിവർക്കുള്ള പരിചരണത്തോടൊപ്പം, ഇവരുടെ സാമൂഹ്യകവും, സാമ്പത്തികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുവാനുമായി ഇവരുടെ വീടുകൾ സന്ദർശിച്ച് ആവശ്യമായ ചികിത്സ നൽകി വരുന്ന ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം.

പഞ്ചായത്തിന്റെ സാന്ത്വന ചികിത്സാ പ്രവർത്തനങ്ങളുടെ രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു

1. പ്രധാന പ്രവർത്തനങ്ങൾ

ജൂൺ 2018 മുതലാണ് സെക്കണ്ടറി പാലിയേറ്റീവ് യൂണിറ്റ് പ്രവൃത്തനം ആരംഭിച്ചിട്ടുള്ളത്.മാസത്തിൽ 12 ഹോംകെയർ പ്രവൃത്തനങ്ങളാണ് നടത്തി വരുന്നത്.പ്രസ്തുത ടീമിൽ 4-5 പേരാണ് പങ്കെടുക്കാറുള്ളത്.ഫിസിയോ തെറാപ്പി ഹോം കേയറുകളും നടത്തി വരാറുണ്ട്.ശരാശരി 5 രോഗികളെ വീതമാണ് ഹോം കേയർ സംവിധാനത്തിൽ ഉൾപ്പെടുത്തി

പരിചരണം നടത്തി വരുന്നത്.4പഞ്ചായത്തുകളിൽ (അലനല്ലൂർ, കുമരംപുത്തൂർ, തച്ചനാട്ടുകര, കോട്ടോപ്പാടം) പരിചരണം നൽകി വരുന്നു. CHC അലനല്ലൂരിൽ പാലിയേറ്റീവ് രോഗികൾക്ക് ഫിസിയോ തെറാപ്പിയും, എക്യുപ്പ്മെന്റ്സും (Walker, stick, cockup splimt, ankle support) എന്നിവ നൽകി വരുന്നുണ്ട്.വെള്ളിയാഴ്ച്ച ദിവസങ്ങളിൽ op യിലുൾപ്പെടുത്തി ആവശ്യമായ മരുന്നുകൾ നൽകി വരുന്നുണ്ട്.

**<u>ഹോം കെയർ ടീം</u>**

പാലിയേറ്റീവ് നഴ്സ്, 2 ആശാ വർക്കർമാർ, വളണ്ടിയർസ്, ഹെൽത്ത് സ്റ്റാഫ്, ഫിസിയോ തെറാപ്പിസ്റ്റ്സ്, , ഡ്രൈവർ എന്നിവരാണ് ഹോം കെയർ ടീമിലുള്ളത്.

**<u>പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി</u>**

2018-19 സാമ്പത്തിക വർഷത്തിൽ 4 പി.എം.സി. മീറ്റിംഗ് ആണ് നടത്തിയിട്ടുള്ളത്. മുനിസിപ്പാലിറ്റി ചെയർമാൻ, ആരോഗ്യ സ്റ്റാൻഡിംഗ്, ക്ഷേമ കാര്യ സ്റ്റാൻഡിംഗ്, പഞ്ചായത്ത് സെക്രട്ടറി, ബ്ലോക്ക് മെമ്പേർസ്, വളണ്ടീയർസ്, മെഡിക്കൽ ഓഫീസർസ്, നർസ്, ഫീൽഡ് സ്റ്റാഫ്, എന്നിവരാണ് പി.എം.സി.യിൽ പങ്കെടുക്കാറുള്ളത്.

മാസത്തിൽ ഒരിക്കൽ 4 പ്രൈമറി യൂണിറ്റിന്റെ അവലോകന യോഗം പാലക്കാട് ജില്ലാ ആശുപത്രിയിൽ വെച്ച് നടത്തി വരുന്നുണ്ട്.

സന്നദ്ധ പ്രവർത്തകരെ പാലിയേറ്റീവിലേക്ക് കൊണ്ടവരുന്നതിനായി വളണ്ടീയർസ് ട്രെയിനിംഗ് നടത്തി വരുന്നുണ്ട്.

രോഗ പരിചരണത്തിനാവശ്യമായ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തി കൊളോസ്റ്റോമി രോഗികൾക്ക് ആവശ്യമായ ബാഗുകൾ നൽകി വരുന്നു.
വാക്കർ തുടങ്ങിയ ഫിസിയോ തെറാപ്പി എക്യുപ്പ്മെന്റ്സും ആവശ്യാനുസരണം രോഗികൾക്ക് നൽകി വരുന്നുണ്ട്.

**<u>ഹോ കെയറിനുള്ള വാഹനം</u>**

ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് വാഹനം സേവനത്തിനായി തെരഞ്ഞെടുത്ത് പ്രവൃത്തി നടത്തി വരുന്നുണ്ട്.ഇതിലേക്കായി യൂസഫ് എന്ന ഡ്രൈവറുടെ സേവനം ഉപയുക്തമാക്കുന്നുണ്ട്.

<u>3. വകയിരുത്തിയ തുകയുടെ ചെലവ് ശതമാനം</u>

പദ്ധതിക്കായി 7,07,390/- രൂപ വകയിരുത്തിയിട്ടുണ്ട്.ആയതിൽ 84 % മായ5,97,768/- രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി ചേരുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതോടൊപ്പം രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

3.വാടകയിനത്തിൽ ചെലവ് കുറയ്ക്കുവാനായി സന്നദ്ധ സംഘടനകളുടെ സഹായം തേടുന്നതിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്.

4. ആവശ്യകത വിലയിരുത്തി മാത്രം തുക വകയിരുത്തേണ്ടതും ആയതിൽ നിന്നു പരമാവധി തുക ചെലവഴിക്കേണ്ടതുമാണ്.

